പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2240 | 11.06.2018 ൽ മറുപടിയ്ക്ക്

## നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണത്തിനായി സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചു കയറുന്ന സാഹചര്യത്തിൽ വിലനിയന്ത്രണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ ശരാശരി 20 മുതൽ 60% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യവസ്തുക്കൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്യുന്നുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നു |
| (ബി) സപ്ലൈകോ, ലാഭം മാർക്കറ്റ് എന്നിവ വഴി എന്തൊക്കെ ഭക്ഷ്യോത്പന്നങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നത്; ഓരോന്നും പൊതു വിപണിയേക്കാൾ എത്ര രൂപ വിലകുറച്ചാണ് വിൽപ്പന നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

| | | |
|---|---|---|
| (സി) | സബ്സിഡി ഉൽപ്പന്നങ്ങൾ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് വിൽപ്പന നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) ഒരു കുടുംബത്തിന് ഓരോ മാസവും ലഭിക്കുവാൻ അർഹതയുള്ള സബ്സിഡി സാധനങ്ങളുടെ അളവ് നിശ്ചയിച്ചിട്ടുണ്ട്. അളവ് നിയന്ത്രണം പാലിക്കുന്നതിനായി, സബ്സിഡി സാധനങ്ങൾ വാങ്ങുന്നതിന് ഉപഭോക്താവ് സ്വന്തം റേഷൻ കാർഡ് ഹാജരാക്കണമെന്ന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ഇനം | സപ്ലൈകോയിലെ നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 02/06/2018 (per Kg) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ | ഒരു റേഷൻകാർഡിന് ഒരുമാസം അനുവദിച്ച അളവ് |
|---|---|---|---|---|---|---|
| 1 | ചെറുപയർ | 60.00 | 90.36 | 30.36 | 33.60% | 1 Kg |
| 2 | ഉഴുന്ന് ബോൾ | 58.00 | 80.36 | 22.36 | 27.82% | 1 Kg |
| 3 | വൻകടല | 43.00 | 71.29 | 28.29 | 39.68% | 1 Kg |
| 4 | വൻപയർ | 45.00 | 69.29 | 24.29 | 35.06% | 1 Kg |
| 5 | തുവര പരിപ്പ് | 60.00 | 82.21 | 22.21 | 27.02% | 1 Kg |
| 6 | മുളക് | 67.00 | 124.93 | 57.93 | 46.37% | ½ Kg |
| 7 | മല്ലി | 65.00 | 85.14 | 20.14 | 23.66% | ½ Kg |
| 8 | പഞ്ചസാര | 22.00 | 34.00 | 12.00 | 35.29% | 1 Kg |
| 9 | വെളിച്ചെണ്ണ | 90.00 | 228.92 | 138.92 | 60.68% | 1/2 ലിറ്റർ |
| 10 | ജയ അരി | 25.00 | 38.25 | 13.25 | 34.64% | എല്ലാ ഇനവും കൂടി 10 Kg |
| 11 | കുറുവ അരി | 25.00 | 37.00 | 12.00 | 32.43% | |
| 12 | മട്ട അരി | 24.00 | 41.36 | 17.36 | 41.97% | |
| 13 | പച്ചരി | 23.00 | 34.33 | 11.33 | 33.00% | |
| 14 | ആന്ധ്ര ഇതര ജയ അരി | 25.00 | 36.00 | 11.00 | 30.56% | |